**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ പ്രതിസന്ധികൾക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 'ഫാർമർ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ' എല്ലാ പഞ്ചായത്തിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരംഭിച്ചു. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തിരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്തുവാൻ സാധിച്ചു. മിച്ചം വന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്തുവാൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തിരം പാലക്കാട്, കുട്ടനാട് കോൾ മേഖലകളിൽ 600 നെല്ല് മെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കുവാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽ നിന്നും പുറമേനിന്നും സംഭരിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപയോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. ഹോർട്ടികോർപിന്റെ 100 സ്വന്തം |

| | | | |
|---|---|---|---|
| | | | വില്പനശാലകളിലൂടെയും 200 ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും ഉപഭോക്താക്കളിലേക്ക് എത്തിച്ചു. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാലത്തു പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു. |
| (ബി) | സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കർഷകർക്ക് കോവിഡ് കാലഘട്ടത്തിൽ വായ്പ തിരിച്ചടക്കുന്നതിന് സാവകാശം നൽകുന്നതിനും കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കർഷകർക്ക് കോവിഡ് ഒന്നാം ഘട്ടം നേരിടുന്നതിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പാ ഉൾപ്പെടെ എല്ലാത്തരം കാർഷിക ലോണുകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യ പ്രകാരം 2020 മാർച്ച് 1നും 2020 മേയ് 31നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31-നു മുൻപ് പുതുക്കി നൽകിയാലും പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭിക്കും. മൊറട്ടോറിയം തുടർന്ന് 2020 ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിരുന്നു. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ഇതേ ആനുകൂല്യം 2021 മാർച്ച് 1 മുതൽ 2021 ജൂൺ 30 വരെ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് അനുവദിച്ച് നൽകി. ഇതു കൂടാതെ വായ്പ തിരിച്ചടക്കാനുള്ള കാലാവധി ആറ് മാസം കൂടി നീട്ടി നൽകുന്നതിനും മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ഈ കാലഘട്ടത്തിലെ പലിശ ഇളവ് നൽകുവാനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | വാഴ, മരച്ചീനി എന്നീ കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ |

| | | | |
|---|---|---|---|
| | | | വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര കർഷക സംഘങ്ങൾ എന്നിവ വഴിയും മരച്ചീനി സംഭരിച്ച് വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ഡി) | വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | വയനാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില കിലോയ്ക്ക് 27 രൂപയും മറ്റ ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന വയനാടൻ നേന്ത്രന് കിലോയ്ക്ക് 30 രൂപയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അടിസ്ഥാന വില പദ്ധതി പ്രകാരം വിളകൾക്ക് താങ്ങുവില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. വയനാടൻ നേന്ത്രൻ ഇനത്തിന് ഉല്പാദന ചെലവ് കുറവാണെന്നും ഉല്പാദന ക്ഷമത കൂടുതലാണെന്നും ഉള്ള കണക്കിലാണ് അടിസ്ഥാന വില നിശ്ചയിച്ചത്. |
| (ഇ) | ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയുടെ താങ്ങ് വില വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ഇ) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ